(സി) പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകൾക്ക് നൽകാൻ നടത്തിയ നീക്കമാണ് അച്ചടി പ്രതിസന്ധിയുണ്ടാകാൻ കാരണമെന്ന് പരാതി പ്രസ്തുത ചർച്ചയിൽ ഉയർന്നിരുന്നോ ;

(ഡി) വിവിധ വകുപ്പുകൾ ചേർന്ന് മന്ത്രിതലത്തിൽ തീരുമാനമെടുത്ത പാഠപുസ്തക അച്ചടിസംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങൾ സർക്കാർ ഉദ്യോഗസ്ഥർ അന്വേഷിക്കുന്നതിന്റെ അനൗചിത്യം വിലയിരുത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് തയ്യാറാകാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

ചാലക്കുടി വിദ്യാഭ്യാസ ഉപജില്ല

70 (5142) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിൽ ഓഫീസർ, സീനിയർ സൂപ്രണ്ട് തുടങ്ങിയ തസ്തികകളിൽ റിട്ടയർമെന്റ് വേക്കൻസികളിൽ നിയമനം നടത്താത്തതുമൂലം അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടിയിൽ താലൂക്ക് അനുവദിച്ച് പ്രവർത്തനം ആരംഭിച്ച് ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ അവിടെ ഡി.ഇ.ഒ. ഓഫീസ് അനുവദിച്ച് പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാടുകുറ്റി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാരപരിധി ഭരണസൗകര്യങ്ങൾ കണക്കിലെടുത്ത് ചാലക്കുടി ഉപജില്ലയുടെ കീഴിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിലവിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

(സി&ഡി) പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly